പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3286 — 10.12.2018-ൽ മറുപടിക്ക്

## നദീതീരങ്ങളിലെ കൈയേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നദീതീരങ്ങളിലെ കൈയേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) നദീതീരങ്ങളിലെ കൈയേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം - 2001, കേരള ഭൂസംരക്ഷണ നിയമം -1957 എന്നിവ പ്രകാരമുള്ള നടപടികൾ താലൂക്ക്, ജില്ലാ തലങ്ങളിൽ സ്വീകരിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്തുണ്ടായ പ്രളയം പ്രധാന നദികളുടെ തീരങ്ങളിൽ വൻനാശനഷ്ടമുണ്ടാക്കിയ പശ്ചാത്തലത്തിൽ പെരിയാർ, ഭാരതപ്പുഴ, പമ്പ, ചാലിയാർ, കരമന, മീനച്ചിൽ തുടങ്ങിയ നദികളുടെ തീരങ്ങളിലെ കൈയേറ്റങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി) നദീതീരത്തിന്റെ അതിർത്തി സർവ്വെ ചെയ്ത് പുറമ്പോക്കും സ്വകാര്യഭൂമിയും വേർതിരിച്ച് സ്ഥലനിർണ്ണയം നടത്തുന്നതിനും ഈ അതിർത്തി സാധാരണക്കാർക്കും വേഗത്തിൽ മനസ്സിലാക്കാവുന്ന വിധത്തിൽ ഫോറസ്റ്റ് ജണ്ടകൾ പോലുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് അവ GCP (Ground Control Point) ആയി നിർണ്ണയിച്ച് ഭാവിയിലുണ്ടാകാവുന്ന കൈയേറ്റങ്ങൾ തടയുന്നതിന് സഹായകമാകുന്ന സർവ്വെ നടപ്പിലാക്കുന്നത് സംബന്ധിച്ച 2017-ലെ "നദീ-നദീതീരം:സംരക്ഷണവും പരിപാലനവും" മേഖലാ ശില്പശാലയുടെ കരട് ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുള്ളതും തുടർ നടപടികൾക്കായി ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) സംസ്ഥാനത്തെ നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനുവേണ്ടി പ്രധാന നദീതടങ്ങളിൽ റിവർ ഗേജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഡേറ്റ തയ്യാറാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനുവേണ്ടി റിവർ ബാങ്ക് മാപ്പിംഗും സാന്റ് ആഡിറ്റിംഗും ഐ.എൽ.ഡി.എം-ലെ റിവർ മാനേജ്മെന്റ് സെന്ററിന്റെ നേതൃത്തിൽ സർക്കാർ നടപ്പിലാക്കി വരുന്നു. നിലവിൽ 17 നദികളുടെ റിവർ ബാങ്ക് മാപ്പിംഗും 19 |

നദികളുടെ സാന്റ് ആഡിറ്റിംഗും പൂർത്തിയായിട്ടുണ്ട്. 14 നദികളിൽ ഈ പഠനം പുരോഗമിക്കുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നദികളിൽ ഉയർന്ന പ്രളയ ജലത്തിന്റെ ഉയരം ശാസ്ത്രീയമായി സർവ്വെ ചെയ്ത് രേഖപ്പെടുത്തുന്നതിനും Flood Markers നദീ തീരങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനം ഐ.എൽ.ഡി.എം സർവ്വെ ഓഫ് ഇന്ത്യ, കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ തുടങ്ങിയ നദികളിൽ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**